നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വർക്കല നഗരസഭയ്ക്കെതിരായി റവന്യൂ റിക്കവറി നടപടികളെടുക്കുകയും പ്രസ്തുത നഗരസഭ കുടിശ്ശിക തുകയുടെ മുഖ്യപങ്കും അടച്ചുതീർക്കുകയും ചെയ്തിട്ടുണ്ട്.

മന്ത്രിസഭാ ഉപസമിതികളുടെ റിപ്പോർട്ട്

*6 [359] *ശ്രീ. എം. വി. ജയരാജൻ:*

„ *കോടിയേരി ബാലകൃഷ്ണൻ:*

ഡോ. തോമസ് ഐസക്:

ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നിയോഗിച്ച മന്ത്രിസഭാ ഉപസമിതികളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര ഉപസമിതികളാണ് നിയമിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) ഏതെല്ലാം ഉപസമിതികളുടെ റിപ്പോർട്ടാണ് ഇതിനകം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) ഏതെല്ലാം ഉപസമിതികളുടെ റിപ്പോർട്ടാണ് ഇനിയും ലഭിക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) — (ഇ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് 8 മന്ത്രിസഭാ ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതികൾ മന്ത്രിസഭയെ സഹായിക്കുന്നതിന് മന്ത്രിസഭ നിയോഗിക്കുന്നതായതിനാൽ അവയുടെ പ്രവർത്തനത്തിന്റെ വിശദാംശം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് സഹകാര്യ പങ്കാളിത്തം

*7 [360] *ശ്രീ. റോഷി അഗസ്റ്റിൻ:*

„ *തോമസ് ചാഴികാടൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം സംബന്ധിച്ച് രൂപരേഖ തയ്യാറാക്കി നാഷണൽ ഡെവലപ്മെന്റ് കൗൺസിൽ യോഗത്തിൽ സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത രൂപരേഖ പ്രകാരം ഏതൊക്കെ മേഖലകളിലാണ് കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കേരളത്തിന്റെ വികസന കാര്യങ്ങളിൽ ജീവനക്കാർക്കും പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവർക്കും പരിശീലനം നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഡി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) & (ബി) അൻപത്തിഒന്നാമത്തെ നാഷണൽ ഡെവലപ്മെന്റ് കൗൺസിൽ പത്താം പഞ്ചവൽസര പദ്ധതിയുടെ മദ്ധ്യകാല അവലോകനത്തിൽ സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ അറിയുന്നതിനുവേണ്ടിയാണ് യോഗം ചേർന്നത്. ആയതിനാൽ പ്രസ്തുത യോഗത്തിൽ സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം സംബന്ധിച്ച് രൂപരേഖ തയ്യാറാക്കി സമർപ്പിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. എന്നിരുന്നാലും മുഖ്യമന്ത്രി തന്റെ പ്രസംഗത്തിൽ താഴെ പറയുന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുണ്ടായി:

1. കാർഷിക മേഖലയിൽ പ്രത്യേകിച്ച് നാണ്യവിളകളെ സംബന്ധിച്ച പ്രശ്നങ്ങൾ.
2. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നയരൂപീകരണം.
3. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കൽ.
4. കേരളത്തിന്റെ ആരോഗ്യമേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങൾ.
5. കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിനനുയോജ്യമാക്കി മാറ്റേണ്ടതിന്റെ ആവശ്യകത.
6. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പൊതുവിതരണത്തിൽ കുറഞ്ഞ നിരക്ക് ഏർപ്പെടുത്തൽ.
7. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ.
8. തൊഴിലധിഷ്ഠിത ഉന്നത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ.
9. പരമ്പരാഗത വ്യവസായ വികസനം.
10. വിദ്യുച്ഛക്തി മേഖലയിലെ പരിഷ്കരണം സംസ്ഥാനത്തിനനുയോജ്യമായ രീതിയിൽ ആക്കിത്തീർക്കേണ്ടതിന്റെ ആവശ്യകത.

LIBRARY ARCHIVES Kerala Legislative Assembly

11. വിഭവ വിന്യാസത്തിൽ പഞ്ചായത്ത്‌രാജ് സംവിധാനം നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രോൽസാഹനം.

12. സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ നടപ്പിലാക്കുമ്പോൾ പാവപ്പെട്ട വിഭാഗങ്ങൾക്ക് ഊന്നൽ നൽകൽ.

13. റൂറൽ ഹെൽത്ത് മിഷനിൽ കേരളം അഭിമുഖീകരിക്കുന്ന പ്രത്യേക പ്രശ്നങ്ങൾകൂടി ഉൾപ്പെടുത്തൽ.

14. എംപ്ലോയ്മെന്റ് ഗ്യാരണ്ടി സ്കീം കേരളത്തിന് അനുയോജ്യമായ രീതിയിൽ രൂപീകരിക്കൽ.

15. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് പ്രത്യേകം ഊന്നൽ നൽകൽ.

16. സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകൽ.

17. പന്ത്രണ്ടാം ധനകാര്യകമ്മീഷൻ പ്രകാരം കേരളത്തിന് നഷ്ടമായ തുക പരിഹരിക്കുന്നതിന് പ്രത്യേക സഹായം.

(സി) സർക്കാർ ജീവനക്കാരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി പദ്ധതിവിഹിതത്തിന്റെ 0.5 ശതമാനം പരിശീലന പരിപാടികൾക്കായി നീക്കിവയ്ക്കേണ്ടതാണെന്ന് 2005–2006 വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണബോർഡ് നൽകിയ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം വികസന വകുപ്പുകൾ പരിശീലന പരിപാടികൾക്കായി പ്രത്യേക വിഹിതം നീക്കിവച്ചിട്ടുണ്ട്. കൂടാതെ 'ട്രെയിനിംഗ് നീഡ് അസ്സസ്മെന്റ്' പൂർത്തീകരിച്ച വകുപ്പുകൾ പരിശീലനത്തിനായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ലെങ്കിൽ അങ്ങനെയുള്ള വകുപ്പുകളിൽ പരിശീലനപരിപാടികൾക്കായി 300 ലക്ഷം രൂപ കോർപ്പസ് ഫണ്ട് ആയി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

(ഡി) അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ പങ്കാളിത്തം താഴെ പറയുന്ന രീതിയിൽ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്:

1. യൂസർ ഫീയുടെ അടിസ്ഥാനത്തിൽ നിർമ്മാണ ഉടമസ്ഥത നിർവ്വഹണ കൈമാറ്റം (BOOT–Build Own Operate and Transfer).

2. യൂസർ ഫീയുടെ അടിസ്ഥാനത്തിൽ നിർമ്മാണ ഉടമസ്ഥത നിർവ്വഹണ പരിപാലനം (BOOM–Build Own Operate and Maintain).

3. അമോർട്ടൈസേഷൻ ഷെഡ്യൂൾ അടിസ്ഥാനത്തിൽ നിർമ്മാണ കൈമാറ്റ എഗ്രിമെന്റ്.

4. നിർമ്മാണ നിർവ്വഹണ കൈമാറ്റം (BOT–Build Operate and Transfer).

5. സേവനങ്ങളുടെ നടത്തിപ്പിനായുള്ള സേവന കോൺട്രാക്ട്.

LIBRARY ARCHIVES Kerala Legislative Assembly